90 (408) ബഡ്ജറ്റിൽ അനുവദിച്ച ട്രെയിനുകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000-ാമാണ്ടിലേക്കുള്ള റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തു നിന്നും ഏതെല്ലാം പുതിയ ട്രെയിൻ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു;

(ബി) ഇവയിൽ ഏതെല്ലാം ആരംഭിച്ചു;

(സി) ഇതുവരെ ആരംഭിക്കാത്ത ട്രെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം വിധത്തിലുള്ള സ്വാധീനം കേന്ദ്ര ഗവൺമെന്റിൽ ചെലുത്തിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൂനെ-എറണാകുളം എക്സ്പ്രസ്, ആഴ്ചയിൽ ഒരിക്കൽ മാത്രം ഉള്ള നിസാമുദീൻ എറണാകുളം സഹസ്രാബ്ദം എക്സ്പ്രസ് എന്നിവയാണ് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നത്.

(ബി) ആഴ്ചയിൽ ഒരിക്കൽ മാത്രം ഉള്ള നിസാമുദീൻ-എറണാകുളം സഹസ്രാബ്ദം എക്സ്പ്രസ് ട്രെയിൻ മാത്രമേ ആരംഭിച്ചിട്ടുള്ളൂ.

(സി) ബഡ്ജറ്റ് വാഗ്ദാനത്തിൽ ഉൾപ്പെടുത്തിയിരുന്ന പൂനെ-എറണാകുളം എക്സ്പ്രസ് ട്രെയിൻ ഉടൻ ആരംഭിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുന്നതാണ്.

91 (409) റെയിൽവേ ലൈൻ ലഭ്യമാക്കാൻ നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ തീവണ്ടിപ്പാതകൾ സംബന്ധിച്ച ഏതൊക്കെ പദ്ധതികളെക്കുറിച്ച് സംസ്ഥാന സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ട്;

(ബി) ഹൈറേഞ്ച് വഴി മധുരയിലേയ്ക്കും കൊട്ടാരക്കരയിൽനിന്നും തിരുവനന്തപുരത്തേക്കും റെയിൽവേ ലൈൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ശബരി റെയിൽവേ പദ്ധതി ഏതു ഘട്ടത്തിലാണ്;

(ഡി) സംസ്ഥാനത്ത് കൂടുതൽ റെയിൽവേ സൗകര്യങ്ങൾ ലഭിക്കുവാൻ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) അങ്കമാലി-ശബരിമല, കോട്ടയം-എരുമേലി, കുറ്റിപ്പുറം-ഗുരുവായൂർ എന്നീ പദ്ധതികളെക്കുറിച്ച് സംസ്ഥാന സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹൈറേഞ്ചുമായി ബന്ധമുള്ള മധുര-കോട്ടയം ലൈനിന്റെ സർവ്വേ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കൊട്ടാരക്കര വഴി തിരുവനന്തപുരത്തേക്കുള്ള റെയിൽവേ ലൈനിന്റെ പണി ലാഭകരമല്ല എന്ന് റെയിൽവേ ബോർഡു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി അവസാനിപ്പിച്ചു.

(സി) ശബരി റെയിൽവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഒരു പ്രോജക്ട് ഓഫീസ് മൂവാറ്റുപുഴയിൽ സ്ഥാപിച്ചു പ്രവർത്തനങ്ങൾ നടന്നു വരുന്നു. ലൊക്കേഷൻ സർവ്വേയുടെ അന്തിമഘട്ടത്തിലുള്ള പണികൾ നടന്നുകൊണ്ടിരിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) മുഖ്യമന്ത്രി നേരിട്ടുതന്നെ പല നിവേദനങ്ങളും കേന്ദ്രസർക്കാരിനു സമർപ്പിച്ചിട്ടുണ്ട്.

92 (410) നെൽകൃഷി വികസനം

<u>ശ്രീ. എ. കണാരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1957-ൽ കേരളത്തിൽ എത്ര ഹെക്ടർ ഭൂമിയാണ് നെൽകൃഷിക്കായി ഉപയോഗിച്ചിരുന്നത്;

(ബി) 1999-ൽ എത്ര ഹെക്ടർ ഭൂമി നെൽകൃഷിക്ക് ഉപയുക്തമായിട്ടുണ്ട്;

(സി) കൃഷിഭൂമി കുറയാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ഡി) 1957-ലെ നെല്ലുൽപാദനം എത്ര മെട്രിക് ടൺ ആയിരുന്നു;

(ഇ) ഇപ്പോൾ നെൽകർഷകർക്ക് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നത് എന്ന് വെളിപ്പെടുത്താമോ;

(എഫ്) ഈ വിധ ധനസഹായങ്ങൾ നെൽകൃഷി ഉൽപ്പാദന വർദ്ധനവ് ഉണ്ടാകുവാൻ സഹായകരമാണോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 7.66 ലക്ഷം ഹെക്ടർ

(ബി) 1998-99-ലെ കണക്കു പ്രകാരം 3.52 ലക്ഷം ഹെക്ടർ.

(സി) ഉൽപാദനച്ചെലവും ഉൽപാദനവും തമ്മിലുള്ള അന്തരം, ഇതര വിളകളെ അപേക്ഷിച്ച് ലാഭക്കുറവാണ് നെൽകൃഷിക്കെന്ന ധാരണ, തൊഴിലാളി ദൗർലഭ്യം, അടിസ്ഥാനസൗകര്യങ്ങളുടെയും ഉൽപാദനോപാധികളുടെയും അഭാവം, പാടശേഖരങ്ങൾ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുക തുടങ്ങിയവയാണ് നെൽക്കൃഷിയിൽ കുറവ് വരാൻ മുഖ്യകാരണങ്ങൾ.

(ഡി) 9.25 ലക്ഷം ടൺ അരിയാണ് ഉൽപാദിപ്പിച്ചത് (14.25 ലക്ഷം ടൺ നെല്ല്)

(ഇ) നെൽ കർഷകർക്ക് ധനസഹായമായി ഹെക്ടറിന് 350 രൂപ ഉൽപാദന ബോണസായി നൽകുന്നുണ്ട്. ഇതുകൂടാതെ, വൈദ്യുതി സൗജന്യം, ഉല്പാദനോപാധികളുടെ വിതരണം, അടിസ്ഥാന സൗകര്യങ്ങ

LIBRARY ARCHIVES Kerala Legislative Assembly